*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

164th Issue - Volume 4, No. 45 ജാഗ്രത 16th December 2010

And Mary said,
My soul doth magnify the Lord,
And my spirit hath rejoiced in God my Saviour.
For he hath regarded the low estate of his handmaiden: for, behold, from henceforth all generations shall call me blessed. [The Magnificat]
St. Luke, 1. 46

## കെ.സി.ബി.സി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷന്റെ പുതിയ ഭാരവാഹികൾ



Chairman
Mar Thomas Chakiath



Vice Chairman
Bp. Joshua Mar Ignathios



Vice Chairman
Bp. Dr. Vincent Samuel

അഭിനന്ദനങ്ങൾ... ആശംസകൾ...

## പ്രധാന വാർത്തകൾ

സുവിശേഷമൂല്യങ്ങളും മനുഷ്യമഹത്വവും ഉയർത്തിപ്പിടിക്കുക അല്മായരുടെ ദൗത്യം: ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

---

മദ്യനയം തിരുത്തണമെന്ന് ക്രൈസ്തവ മെത്രാൻ സമിതി

---

കെ.സി.ബി.സി. യോഗതീരുമാനങ്ങൾ 15-12-2010

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Johny Kochuparambil MST

## സുവിശേഷമൂല്യങ്ങളും മനുഷ്യമഹത്വവും ഉയർത്തിപ്പിടിക്കുക അല്മായരുടെ ദൗത്യം: ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്



സുവിശേഷമൂല്യങ്ങളും മനുഷ്യമഹത്വവും അടിസ്ഥാനപ്പെടുത്തി അല്മായർ തങ്ങളുടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങൾ കരിപ്പിടിപ്പിക്കണമെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അഭിപ്രായപ്പെട്ടു. പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ കെ.സി.ബി.സി. സമ്മേളനത്തിനോടനുബന്ധിച്ചു നടത്തിയ അല്മായനേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ വിവിധ കത്തോലിക്കാരൂപതകളിലെ മെത്രാന്മാർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ, അല്മായസംഘടന ഭാരവാഹികൾ, വനിത കമ്മീഷൻ ഭാരവാഹികൾ, മൂന്നു റീത്തുകളിലെ അല്മായപ്രതിനിധികൾ എന്നിവരുൾപ്പെടെ നൂറോളം പേർ അല്മായനേതൃസംഗമത്തിൽ പങ്കെടുത്തു.

പങ്കാളിത്തസ്വഭാവത്തിൽ സഭ പ്രവർത്തിക്കുമ്പോൾ ക്രിസ്തുവിന്റെ പ്രവാചക-പൗരോഹിത്യദൗത്യത്തിന്റെ പൂർത്തീകരണമാണ് അല്മായർ നിർവഹിക്കുന്നതെന്ന് ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ചൂണ്ടിക്കാട്ടി. അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ സമ്മേളനത്തിന്റെ പ്രാധാന്യം വ്യക്തിമാക്കിക്കൊണ്ട് ആമുഖപ്രഭാഷണം നടത്തി. സി.ബി.സി.ഐ. അല്മായ കമ്മീഷൻ ജോയിന്റ് സെക്രട്ടറി ഡോ. എഡ്വേർഡ് എടേഴത്ത് 'സഭയിലെ അല്മായപങ്കാളിത്വത്തിന്റെ സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയാവതരണം നടത്തി. ബിഷപ്പ് മാർ ജോസ് പൊരുന്നേടം, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ഡോ. സ്റ്റീഫൻ ആലത്തറ, ഫാ. ജോസ് കോട്ടയിൽ, അഡ്വ. ജോസ് വിതയത്തിൽ, ജോസഫ് ജൂഡ്, ജോൺ കച്ചിറമറ്റം, അഡ്വ. ആന്റണി എം. അമ്പാട്ട്, ഡോ. ലിസി ജോസ്, സാബു ജോസ്, ദീപക് ചേർക്കോട്ട്, പ്രൊഫ. ജേക്കബ് എം. എബ്രഹാം, പി.ഐ. ലാസർ, ആനി റോഡ്നി, അഡ്വ. വി.സി. സെബാസ്റ്റ്യൻ, ഷാജി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

കെ.സി.ബി.സി. സെക്രട്ടറി ജനറൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചർച്ചകൾക്ക് സമാപന സന്ദേശം നല്കി. സഭയിലെ ബഹുഭൂരിപക്ഷം വരുന്ന അല്മായവിശ്വാസികൾ അവരുടെ ദൗത്യം പൂർത്തിയാക്കിയാൽ മാത്രമേ കത്തോലിക്കാസഭയുടെ അജപാലനദൗത്യം പൂർണമാവൂ എന്ന് അദ്ദേഹം എടുത്തു പറഞ്ഞു. കത്തോലിക്കാസഭയ്ക്ക് ഒരു യുവജനനയം രൂപീകരിക്കുമെന്നും സുവിശേഷവത്കരണ മേഖലയിൽ അല്മായരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ചർച്ചകൾ തുടരുമെന്നും പറഞ്ഞു. സഭാവിശ്വാസികളിൽപ്പെട്ട പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ഒരു സ്റ്റഡി റിസർച്ച് ഗ്രൂപ്പിന് രൂപം നല്കുമെന്നും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും സോഷ്യൽ ഓഡിറ്റിങ്ങും നടപ്പാക്കുമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

പ്രൊഫ. എബ്രഹാം അറക്കൽ, ഷെവ. വി.സി. ആന്റണി (ആലപ്പുഴ), അഡ്വ. ചാർളി പോൾ, ഡെന്നിസ് ആന്റണി (എറണാകുളം), ടിങ്കിൾ ഫ്രാൻസിസ് (തൃശൂർ), ഇഗ്നേഷ്യസ് ഗോൺസാൽവസ് (വരാപ്പുഴ), ലൈജു ജോർജ്ജ് (തിരുവല്ല), സിസ്റ്റർ ആലീസുകുട്ടി (മാനന്തവാടി), അഡ്വ. അഞ്ജലി സൈറസ് (കോട്ടപ്പുറം), സൈബി അക്കര, പ്രൊഫ. ലീന ജോസ് (ചങ്ങനാശ്ശേരി), സിസ്റ്റർ പി.വി. മേരിക്കുട്ടി (കോട്ടയം) എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

## മദ്യനയം തിരുത്തണമെന്ന് ക്രൈസ്തവ മെത്രാൻ സമിതി



കുടുംബബന്ധങ്ങളെ ഊട്ടിഉറപ്പിക്കാനും സർവ സൃഷ്ടികളോടും ആദരവു പുലർത്തുന്ന മനോഭാവം വളർത്തിയെടുക്കാനും ക്രൈസ്തവസഭകൾക്ക് കടമയുണ്ടെന്ന് മലങ്ക ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ തിരുമേനി പ്രസ്താവിച്ചു. പാലാരിവട്ടം പി.ഒ.സി.യിൽ കൂടിയ ക്രൈസ്തവമെത്രാന്മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു ബാവ തിരുമേനി.

സമ്മേളനത്തിൽ കെ.സി.ബി.സി. പ്രസിഡന്റ് ബിഷപ്പ് ജോഷാ മാർ ഇഗ്നാത്തിയോസ് അധ്യക്ഷത വഹിച്ചു. കുര്യാക്കോസ് മാർ തിയോഫിലസ് മെത്രാപ്പോലീത്ത, മാർ യൂഹാന്നൻ യോസഫ്, ആർച്ച്ബിഷപ്പ് സൂസൈപാക്യം, ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ പ്രസംഗിച്ചു.

കേരളത്തിൽ ഇപ്പോൾ ഗവൺമെന്റ് നിലനിർത്തുന്ന മദ്യനയം തിരുത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. മദ്യത്തിന്റെ സംലഭ്യത കുറക്കേണ്ടതാണ്. മദ്യഷാപ്പുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ പഞ്ചായത്ത്‌രാജിനും (232-ാം വകുപ്പ്) മുൻസിപ്പാലിറ്റികൾക്കും (നഗരപാലിക ബിൽ 447) ഉള്ള അവകാശം പുനഃസ്ഥാപിക്കണമെന്നും മെത്രാന്മാർ ആവശ്യപ്പെട്ടു. ഇത്തരം കാര്യങ്ങളിൽ വ്യക്തമായ നിലപാടെടുക്കുന്നവരെ മാത്രമേ മദ്യവിരുദ്ധപ്രവർത്തനങ്ങളിൽ ആത്മാർത്ഥതയുള്ളവരായി കണക്കാക്കാനാവൂ എന്നും ക്രൈസ്തവമെത്രാന്മാരുടെ സമ്മേളനം പ്രസ്താവിച്ചു. കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരത്തെക്കുറിച്ചും ഒരു സംയുക്ത ഇടയലേഖനം കേരളത്തിലെ എല്ലാ ക്രൈസ്തവസഭകളും കൂടി തയ്യാറാക്കുക, കേരളത്തിലെ ക്രൈസ്തവമെത്രാന്മാരുടെ ഡയറക്ടറി പ്രസിദ്ധീകരിക്കുക, പരിസ്ഥിതി സംരക്ഷണത്തിന് പൊതുസമിതി രൂപീകരിക്കുക, മദ്യവിരുദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ വികലനയങ്ങളെ ഒരുമിച്ചുനിന്ന് പ്രതിരോധിക്കുക തുടങ്ങിയ കാര്യങ്ങളും സമ്മേളനം തീരുമാനിച്ചു.






  


കെ.സി.ബി.സി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷന്റെ ചെയർമാൻ ആയി മൂന്നു വർഷക്കാലം സ്തുത്യർഹസേവനം അനുഷ്ഠിച്ച സ്റ്റാൻലി റോമൻ പിതാവിനും വൈസ്ചെയർമാന്മാരായി സേവനം അനുഷ്ഠിച്ച മലങ്കരസഭയുടെ പരമാധ്യക്ഷൻ മോറൻ മോർ ക്ലീമിസ് കാതോലിക്കാബാവയ്ക്കും ബിഷപ് ജോസഫ് കല്ലറങ്ങാട്ട് പിതാവിനും കമ്മീഷന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു

## കെ.സി.ബി.സി. യോഗതീരുമാനങ്ങൾ 15-12-2010

### 1. കെ.സി.ബി.സി. ഭാരവാഹികൾ:


Mar Andrews Thazhath


Dr. Francis Kallarackal


Thomas Mar Koorilos

കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ പ്രസിഡന്റായി തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും വൈസ് പ്രസിഡന്റായി വരാപ്പുഴ ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറയ്ക്കലും സെക്രട്ടറി ജനറലായി തിരുവല്ല ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസും തെരഞ്ഞെടുക്കപ്പെട്ടു. കെ.സി.ബി.സി.യുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി.യിൽ 13, 14, 15 തീയതികളിലായി നടന്ന കൗൺസിൽ യോഗത്തിൽ വച്ചാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് 2004 മാർച്ച് 19-ന് തൃശൂർ സഹായമെത്രാനായി അവരോധിക്കപ്പെട്ടു. വത്തിക്കാനിലെ ആപ്ടുക (aptuca) യിലെ സ്ഥാനികമെത്രാൻ കൂടിയാണ് മാർ ആൻഡ്രൂസ് താഴത്ത്. 2004 മെയ് 1-ന് തൃശൂർ ബിഷപ്പായി. 2007 ജനുവരി 22-ന് മാർ ജേക്കബ് തൂങ്കുഴി വിരമിച്ചതിനെ തുടർന്ന് തൃശൂർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റു. തൃശൂരിനടുത്തുള്ള പുതുക്കാടാണ് സ്വദേശം. ദൈവശാസ്ത്രത്തിൽ ബാച്ചിലർ ബിരുദവും പഡോക്ടറേറ്റുമുണ്ട്. ജീവൻ ടെലികാ

സ്റ്റിങ്ങ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറാണ്.

പുതിയ വൈസ്പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആർച്ച്ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ 1987 ജൂലൈ 3-ന് കോട്ടപ്പുറം മെത്രാനായി. 2010 ഏപ്രിൽ 11-ന് വരാപ്പുഴ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റു. മികച്ച സംഘാടകനും വാഗ്മിയുമായി ആർച്ച്ബിഷപ്പ് കല്ലറയ്ക്കൽ സി.ബി.സി.ഐ. ഹെൽത്ത് കമ്മീഷനംഗം, സി.സി.ബി.ഐ. ഫാമിലി കമ്മീഷനംഗം, കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ ചെയർമാൻ, മാധ്യമകമ്മീഷൻ വൈസ് ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചു. കെ.ആർ.എൽ.സി.സി.യുടെ മുഖപത്രമായ ജീവനാദം വാരികയുടെ ചെയർമാനും കെ.ആർ.എൽ.സി.ബി.സി. കമ്മീഷനുകളുടെ മാധ്യമ, ഫാമിലി കമ്മീഷനുകളുടെ ചെയർമാനുമാണ്. കോട്ടപ്പുറമാണ് ആർച്ച്ബിഷപ്പിന്റെ സ്വദേശം.

സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ട ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് 1997 ജൂലൈ 17-ന് മെത്രാനായി അഭിഷിക്തനായി. 2003 ഫെബ്രുവരി 6-ന് മൂവാറ്റുപുഴ രൂപതാ മെത്രാനായി. തുടർന്ന് തിരുവല്ല ആർച്ച്ബിഷപ്പായി സ്ഥാനമേറ്റു.

### 2. കെ.സി.ബി.സി. കമ്മീഷൻ ഭാരവാഹികൾ:

താഴെപ്പറയുന്നവർ കെ.സി.ബി.സി.യുടെ വിവിധ കമ്മീഷൻ ചെയർമാന്മാരായി തെരഞ്ഞെടുക്കപ്പെട്ടു. ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ (ബൈബിൾ കമ്മീഷൻ), ബിഷപ്പ് ഡോ. ജോസഫ് കരിയിൽ (മീഡിയ കമ്മീഷൻ), ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ (ഫാമിലി കമ്മീഷൻ), ബിഷപ്പ്ഡോ. വർഗീസ് ചക്കാലയ്ക്കൽ (ലെയ്റ്റി കമ്മീഷൻ), ബിഷപ്പ് ജോസഫ് മാർ തോമസ് (വനിതാ കമ്മീഷൻ), ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ (വിദ്യാഭ്യാസ കമ്മീഷൻ), ബിഷപ്പ് മാർ തോമസ് ചക്യത്ത് (സോഷ്യൽ ഹാർമണി & വിജിലൻസ്), ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ (യൂത്ത് കമ്മീഷൻ), ബിഷപ്പ് മാർ ജോസ് പൊരുന്നേടം (ലേബർ കമ്മീഷൻ), ബിഷപ്പ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ (ജസ്റ്റിസ് & പീസ് ഡവലപ്മെന്റ്), ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ (എസ്.സി./എസ്.റ്റി/ബി.സി.), ബിഷപ്പ് സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ (മദ്യവിരുദ്ധസമിതി), ബിഷപ്പ് എബ്രഹാം മാർ യൂലിയോസ് (തിയോളജി കമ്മീഷൻ), ബിഷപ്പ് മാർ ജേക്കബ് മനന്തോടത്ത് (ഹെൽത്ത് കമ്മീഷൻ), ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം (വൊക്കേഷൻ കമ്മീഷൻ), ബിഷപ്പ് മാർ റാഫേൽ തട്ടിൽ (കരിസ്മാറ്റിക്), ആർച്ച്ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് (ഡയലോഗ്), ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റം (ഇൻഫാം), ആർച്ച്ബിഷപ്പ് ഫ്രാൻസിസ് കല്ലറയ്ക്കൽ (കെ.സി.എം.എസ്.).

### 3. മാരക കീടനാശിനികൾ പൂർണമായും നിരോധിക്കണം:

എൻഡോസൾഫാൻ അടക്കമുള്ള മാരകമായ എല്ലാ കീടനാശിനികളും പൂർണമായും നിരോധിക്കണമെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. മനുഷ്യജീവന്റെ വില പരിഗണിച്ച് സംസ്ഥാനത്ത് ഉപയോഗിക്കുന്ന എല്ലാ കീടനാശിനികളെക്കുറിച്ചും വിശദമായ അന്വേഷണവും പഠനവും നടത്തണം. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളിലും പഴവർഗങ്ങളിലും പ്രയോഗിക്കപ്പെടുന്ന കാർബൈഡ് പോലുള്ള മാരകമായ രാസവസ്തുക്കളുടെ ഫലമായി കേരളം രോഗികളുടെ നാടായി അനുദിനം മാറുകയാണെന്ന വസ്തുതയും അടിയന്തിര ശ്രദ്ധ അർഹിക്കുന്നുവെന്നും കെ.സി.ബി.സി. ചൂണ്ടിക്കാട്ടി.

### 4. പരിസ്ഥിതി സംരക്ഷണം ഈശ്വരവിശ്വാസത്തിന്റെ തന്നെ ഭാഗം:

പരിസ്ഥിതി സംരക്ഷണം ദൈവവിശ്വാസത്തിന്റെ തന്നെ ഭാഗമായി കണ്ട് സഭാംഗങ്ങളെ കൂടുതൽ ബോധവത്ക്കരിക്കാൻ കെ.സി.ബി.സി. തീരുമാനിച്ചു. പരിസ്ഥിതി മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ അമിതചൂഷണം, കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യസുരക്ഷ, ജൈവവൈവിധ്യം എന്നിവയെക്കുറിച്ച് ഇടവകകളിലും, ബന്ധപ്പെട്ട സ്ഥാപനങ്ങളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. മഴവെള്ള സംരക്ഷണം, മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ വ്യാപനം, ജൈവ കൃഷിയുടെ വ്യാപനം എന്നിവയ്ക്ക് സഭ മുൻകൈ എടുക്കും. എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണം നേടിക്കൊണ്ട് ഒരു പരിസ്ഥിതി സൗഹൃദസംസ്കാരം വളർത്തിയെടുക്കുകയെന്നതിന് മുൻഗണനാപരമായ പ്രാമുഖ്യം നല്കാനും തീരുമാനമായി.

### 5. കേരളത്തിലെ മദ്യനയം തിരുത്തണം:

ഭയാനകമായ രീതിയിൽ മദ്യപാനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേരളത്തിൽ ഇപ്പോൾ നിലനില്ക്കുന്ന മദ്യനയം പുനഃപരിശോധിച്ച് മദ്യത്തിന്റെ ഉപയോഗവും വിതരണവും കുറയ്ക്കുന്ന നയം സർക്കാർ നടപ്പിലാക്കണമെന്ന് കെ.സി.ബി.സി. ആവശ്യപ്പെട്ടു. പഞ്ചായത്തിരാജ് 232 നഗരപാലികാബിൽ 447 എന്നീ വകുപ്പുകൾ പുനഃസ്ഥാപിക്കേണ്ടതാണ്. പുകവലി., മയക്കുമരുന്ന്, മദ്യപാനം എന്നിവയുടെ മാരകമായ ദോഷ വശങ്ങളെക്കുറിച്ച് ബോധവത്കൽകരിക്കുന്നതിന് സ്കൂൾ കോളേജ് തലങ്ങളിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനിച്ചു.

### 6. ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ പുനഃപരിശോധിക്കണം:

സർവകലാശാലാ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച ഡോ. അനന്തകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടും ഉന്നതവിദ്യാഭ്യാസ സമിതിയുടെ നയരേഖയായി സമർപ്പിക്കപ്പെട്ട ഡോ. അനന്തമൂർത്തി റിപ്പോർട്ടും സർവകലാശാല പരീക്ഷകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച ഡോ. ജേക്കബ് താരു റിപ്പോർട്ടിലെയും പല നിർദ്ദേശങ്ങളും ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരത്തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന് കെ.സി.ബി.സി. അഭിപ്രായപ്പെട്ടു. കമ്മീഷൻ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ ആഴമുള്ള പഠനങ്ങൾക്കും അത്യാവശ്യമായ കൂടിയാലോചനകൾക്കും ശേഷം മാത്രമേ നടപ്പിലാക്കാവൂ. കോളേജുകളുടെ ക്ലസ്റ്ററുകൾ കേരളത്തിൽ മൂന്നിടത്ത് പരീക്ഷിച്ച് പരാജയമടഞ്ഞിട്ടും വീണ്ടും നടപ്പിലാക്കാൻ പരിശ്രമിക്കുന്നത് ദുരുദ്ദേശപരമാണ്. ക്ലസ്റ്റർ കോളേജുകൾക്കു മാത്രമേ പുതിയ കോഴ്സുകൾ അനുവദിക്കൂ എന്ന നിലപാട് തിരുത്തണം. ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് ഓട്ടോണമി കോളേജുകൾ അത്യാവശ്യമാണെന്നും കെ.സി.ബി.സി. ആവശ്യപ്പെട്ടു..

### 7. പ്രജനന നിയമനിർമ്മാണം കേന്ദ്രസർക്കാർ നിലപാട് തിരുത്തണം:

കൃത്രിമ സന്താനോല്പാദന സാങ്കേതിക നിയന്ത്രണ ബിൽ (ART BILL) എന്ന പേരിൽ കേന്ദ്രസർക്കാർ തയ്യാറാക്കിയിരിക്കുന്ന ബിൽ പിൻവലിക്കണമെന്ന് കെ.സി.ബി.സി. ആവശ്യപ്പെട്ടു. മനുഷ്യബന്ധങ്ങളിലും കുടുംബപശ്ചാത്തലത്തിലും അരാജകത്വം സൃഷ്ടിക്കുന്ന പുതിയ പ്രജനന നിയമനിർമ്മാണം ഭാരതസംസ്കാരത്തിനും ധാർമ്മികതയ്ക്കും ഈശ്വരവിശ്വാസത്തിനും എതിരാണ്. വിവാഹജീവിതത്തിന്റെ ജീവദായക-സ്നേഹദായക അർത്ഥങ്ങൾ തകർക്കുന്ന നിയമനിർമ്മാണങ്ങൾക്കെതിരെ പൊതുസമൂഹം ഒന്നടങ്കം പ്രതികരിക്കണമെന്നും കെ.സി.ബി.സി. ആവശ്യപ്പെട്ടു.

### 8. ദേവാലയ ധ്വംസനങ്ങൾക്കെതിരെ പ്രതിഷേധം

ആലപ്പുഴ വെള്ളാപ്പള്ളി സെന്റ് ഫ്രാൻസിസ് അസീസി പള്ളിയിൽ നിന്ന് ദിവ്യകാരുണ്യം മോഷണം പോയതിനെക്കുറിച്ചുള്ള അന്വേഷണം വേണ്ടവിധം നടക്കാത്തതിൽ സഭ ഉത്കണ്ഠ രേഖപ്പെടുത്തി. മാപ്രാണം ഹോളിക്രോസ് തീർത്ഥ കേന്ദ്രത്തിൽ നിന്ന് മോഷണം പോയ അമൂല്യമായ തിരുശേഷിപ്പുകൾ കണ്ടെത്താനോ മോഷ്ടാക്കളെ പിടി കൂടാനോ ഇതുവരെ സർക്കാരിന് കഴിയാത്തതിലും കെ.സി.ബി.സി. അതീവ ദുഃഖം രേഖപ്പെടുത്തുകയും ഇക്കാര്യത്തിലുള്ള പ്രതിഷേധം അറിയിക്കുകയും ചെയ്യുന്നു. ദൈവവിശ്വാസത്തിനെതിരായും ആരാധനാലയത്തിന്റെ പരിപാവനതയ്ക്കുമെതിരെയും നടക്കുന്ന ഇത്തരം ആക്രമണങ്ങൾക്കും അപഹരണങ്ങൾക്കുമെതിരേ ഊർജ്ജിതവും നിഷ്പക്ഷവുമായ അന്വേഷണം നടത്തി. നഷ്ടപ്പെട്ട പൂജ്യവസ്തുക്കൾ തിരികെ ലഭ്യമാക്കാനും കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനും മെത്രാൻ സമിതി ആവശ്യപ്പെടുന്നു.

### 9. കാത്തലിക് കൗൺസിൽ (CCI) ജൂണിൽ വിളിച്ചു ചേർക്കും:

കേരളസഭയിലെ അല്മായരും സന്ന്യസ്തരും പുരോഹിതരും മെത്രാന്മാരും ഒരുമിച്ചു ചേരുന്ന കാത്തലിക് കൗൺസിൽ കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ രൂപീകരിക്കാനും കൗൺസിലിന്റെ പ്രഥമയോഗം 2011 ജൂണിൽ വിളിച്ചുകൂട്ടാനും തീരുമാനമായി.

### 10. കെ.സി.ബി.സി. നിയമനങ്ങൾ:

1. കെ.സി.ബി.സി. അല്മായ കമ്മീഷൻ സെക്രട്ടറിയായി എറണാകുളം അങ്കമാലി അതിരൂപതാംഗം അഡ്വ. ജോസ് വിതയത്തിലിനേയും ജോയിന്റ് സെക്രട്ടറിമാരായി ശ്രീ.റെജിമാത്യു(മാവേലിക്കര), ശ്രീമതി സ്മിത ബിജോയ് (വിജയപുരം രൂപത) എന്നിവരേയും നിയമിച്ചു.

2. റവ. ഫാ. റോബിൻ കണ്ണൻചിറ സി.എം.ഐ. യെ കെ.സി.ബി.സി. യുടെ മതാന്തര സംവാദത്തിനുള്ള കമ്മീഷന്റെ സെക്രട്ടറിയായി നിയമിച്ചു.

3. റവ. ഫാ. രാജു ചക്കനാട്ട് എസ്.ടി.ബി.യെ കെ.സി.ബി.സി. യുടെ ദൈവവിളിക്കായുള്ള കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു.

4. റവ. ഫാ. ആന്റോ ചാലിശ്ശേരിയെ (എറണാകുളം അങ്കമാലി അതിരൂപത അംഗം) കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ സെക്രട്ടറിയായി നിയമിച്ചു

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C., P.B. No. 2251, Palarivattom, Kochi-25, INDIA